# പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 102*** **29.9.2011 ൽ മറുപടിക്ക്**

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. സി.മോയിൻകുട്ടി | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ആയിരം കിലോമീറ്റർ റോഡ് അന്താരാഷ്ട്രനിലവാരത്തിൽ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തിനായി സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രധാനപ്പെട്ട ഡിസ്ട്രിക്ട് റോഡുകളും സ്റ്റേറ്റ് റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) പ്രധാനപ്പെട്ട ഡിസ്ട്രിക്ട് റോഡുകളും സ്റ്റേറ്റ് റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ കണ്ടെത്തുന്നതിനു വേണ്ടി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പാനലിൽ ഉൾപ്പെട്ട കൺസൾട്ടൻസിയായ വിൽബർസ്മിത്ത് അസോസിയേറ്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(സി) പദ്ധതിക്കായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; പ്രസ്തുത തുക ഏതൊക്കെ മാർഗ്ഗത്തിലൂടെയാണ് സമാഹരിക്കുക;

(സി) ഏകദേശം 5100 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഈ പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 1000 കോടി രൂപ സംസ്ഥാന സർക്കാരും ബാക്കി തുക ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായം, ഇൻഫ്രാസ്ട്രക്ചർ ബോണ്ട്, പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മുതലായ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തി കണ്ടെത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഏകദേശം 2000 കോടി രൂപ ഏഷ്യൻഡെവലപ്മെന്റ് ബാങ്ക് മുതലായവയിൽ (Multi National Funding Agency) നിന്നും ദീർഘകാല വായ്പ നേടുവാൻ ആലോചിക്കുന്നു. ഇതിനുള്ള പ്രാരംഭ നടപടിയായി ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ധനമന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യാലയത്തിന് (Department of Economic Affairs) സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ റോഡുകൾക്ക് ടോൾ നൽകേണ്ടി വരുമോ;

(ഡി) ഇല്ല

(ഇ) നിശ്ചിത സമയ പരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഇ) നിശ്ചിത സമയ പരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (Special Purpose Vehicle) രൂപീകരിച്ച് പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ഫാസ്റ്റ് ട്രാക്ക് അഥവാ നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ